## ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ്

76 (7144) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ നിലവിൽ ഉന്നതവിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകി വരുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

(ബി) പ്രസ്തുത സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്താണ് ; വിശദാംശം നൽകുമോ ;

(സി) സ്കോളർഷിപ്പ് തുക വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം പ്രസ്തുത സ്കോളർഷിപ്പ് തുക എത്ര പ്രാവശ്യം വർദ്ധിപ്പിച്ചു ; വിശദമാക്കുമോ ?

### ഉത്തരം

(എ&ബി) ഉണ്ട്. ഉന്നതവിദ്യാഭ്യാസ കൗൺസിൽ, കോളേജ് വിദ്യാഭ്യാസ വകുപ്പ്, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് എന്നിവ മുഖേന വിതരണം ചെയ്തുവരുന്ന സ്കോളർഷിപ്പുകളുടെ വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി&ഡി) സ്കോളർഷിപ്പ് തുക വർദ്ധിപ്പിച്ച് നൽകിയിട്ടില്ല

## നിലവാരമില്ലാത്ത പ്രൊഫഷണൽ വിദ്യാഭ്യാസം

77 (7145) ശ്രീ. പിറ്റസം ശശികുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉന്നതവിദ്യാഭ്യാസ രംഗത്തെ നിലവാരത്തകർച്ചമൂലം എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾ പരീക്ഷയിൽ പരാജയപ്പെടുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ ;

(ബി) എങ്കിൽ നിലവാരമില്ലാത്ത എഞ്ചിനീയറിംഗ് കോളേജുകളുടെ പ്രവർത്തനം നിർത്തി വയ്ക്കുന്നതിന് ഹൈക്കോടതി നിർദ്ദേശാനുസരണം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ മികച്ച വിജയമാണുള്ളത്. ഇവിടെ വിദ്യാർത്ഥികൾ പരീക്ഷകളിൽ കൂട്ടമായി പരാജയപ്പെടുന്ന സാഹചര്യം നിലവിലില്ല. ചില സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ വിജയശതമാനം കുറവുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിജയശതമാനം 40-ൽ കുറവുള്ള സ്വകാര്യ എഞ്ചിനീയറിംഗ് കോളേജുകൾ അടച്ചുപൂട്ടുന്നത് സംബന്ധിച്ച് സർക്കാർ തീരുമാനമെടുക്കേണ്ടതുണ്ട് എന്ന കോടതി വിധിയുടെ പശ്ചാത്തലത്തിൽ പ്രസ്തുത കോളേജുകൾക്ക് നിലവാരം വർദ്ധിപ്പിക്കുന്നതിനായി നിശ്ചിത സമയപരിധി അനുവദിക്കാനും അതിനുള്ളിൽ നിലവാരം കൈവരിക്കാത്ത സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നതുൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിക്കാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly